(ഡി) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ കൂടി കടന്നുപോകുന്ന പി. ഡബ്ല്യു.ഡി. റോഡിനോട് ചേർന്ന് മതിലുകളും കെട്ടിടങ്ങളും നിർമ്മിക്കുന്നത് സംബന്ധിച്ച് ഇപ്പോഴുള്ള വ്യവസ്ഥ എന്താണ്; ഈ വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോ; പി.ഡബ്ല്യു.ഡി. റോഡ് സൈഡിൽ നിന്നും 3 മീറ്റർ നീക്കി മാത്രമേ നിർമ്മാണ പ്രവർത്തനം പാടുള്ളൂ എന്ന് നിഷ്കർഷിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇതുസംബന്ധിച്ച ചട്ടങ്ങൾക്ക് അന്തിമരൂപം നൽകിയിട്ടില്ല.

(ബി) അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ കർശനമായി പാലിക്കുന്നുണ്ടോ എന്ന് ചീഫ് ടൗൺപ്ലാനറും തദ്ദേശ ഭരണ വകുപ്പിലെ വിജിലൻസ് സെല്ലും പരിശോധിക്കുന്നുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പഞ്ചായത്ത് പ്രദേശങ്ങളിലെ പ്രധാന റോഡരികിൽ നിന്ന് മൂന്ന് മീറ്റർ അകലത്തിൽ മാത്രമെ മതിലുകൾ ഒഴികെയുള്ള ഏതൊരു നിർമ്മാണവും നടത്താൻ പാടുള്ളൂവെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. സമാനമായ വ്യവസ്ഥ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

85 (587) ഓഡിറ്റ് കമ്മീഷന്റെ രൂപവൽക്കരണം

ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി:
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ വികേന്ദ്രീകരിച്ച് നൽകിയതിന്റെ ഭാഗമായി പ്രഖ്യാപിച്ചിരുന്ന ഉദ്യോഗസ്ഥ പുനർവിന്യാസം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് അപ്ഡേറ്റ് ചെയ്യുന്നതിനായി 'ഓഡിറ്റ് കമ്മീഷൻ' രൂപവൽക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്നും, ഓഡിറ്റ് കമ്മീഷൻ എന്ന് നിലവിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) ഓഡിറ്റ് കമ്മീഷനിൽ ഏതൊക്കെ വകുപ്പിലുള്ള ഉദ്യോഗസ്ഥൻമാരായിരിക്കും ഉണ്ടായിരിക്കുകയെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത വകുപ്പുകൾ ഏതൊക്കെയാണെന്നും ഇതിനു വേണ്ടി എന്ത് മാനദണ്ഡമായിരിക്കും സ്വീകരിക്കുകയെന്നും വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ഉദ്യോഗസ്ഥ പുനർവിന്യാസം സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ അധികാര വികേന്ദ്രീകരണ കമ്മിറ്റി തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇതു സംബന്ധിച്ച റിപ്പോർട്ട് അധികം താമസിയാതെ ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആഡിറ്റിന് മാത്രമായി ഒരു സ്വതന്ത്ര ആഡിറ്റ് കമ്മീഷൻ രൂപവൽക്കരിക്കണമെന്ന് അധികാര വികേന്ദ്രീകരണ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലിരിക്കുന്നു.

(സി) ആഡിറ്റ് കമ്മീഷൻ രൂപവൽക്കരിക്കുന്നതിന് 1994-ലെ കേരള ലോക്കൽഫണ്ട് ആഡിറ്റ് ആക്റ്റിൽ ചില ഭേദഗതികൾ ആവശ്യമാണ്. ഭേദഗതി നിർദ്ദേശങ്ങൾ അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ അടുത്ത റിപ്പോർട്ടിൽ ഉൾപ്പെടുത്തുമെന്നു പ്രതീക്ഷിക്കുന്നു.

(ഡി) നിർദ്ദിഷ്ട ആഡിറ്റ് കമ്മീഷന്റെ ഘടനയും ഉദ്യോഗസ്ഥ സംവിധാനവും തീരുമാനിക്കപ്പെട്ടിട്ടില്ല.

(ഇ) ഡി യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

86 (588) കെട്ടിട നിർമ്മാണചട്ടങ്ങളിൽ ഭേദഗതി

പ്രൊഫസർ എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ എന്തെങ്കിലും ഭേദഗതി ഈ സർക്കാർ വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ ഭേദഗതിയെ തുടർന്ന് എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ഡി) വിശദാംശം വ്യക്തമാക്കുമോ;

(ഇ) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും അധിക അധികാരം നൽകിയിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) തദ്ദേശഭരണ സ്ഥാപനങ്ങൾ നിരസിക്കുന്ന അപേക്ഷകളിൽ അപ്പീൽ നൽകുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല

(ബി)-(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത അപേക്ഷകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ നിരസിച്ചാൽ ചട്ടങ്ങളിൽ നിന്നും ഇളവ് അനുവദിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് ഇപ്പോൾ വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly